# Deepika
# 12 July 2018
# Kochi, District Collector



## സർ, ഒരു ദിവസം കൂടി അവധി പ്ലീസ് ....

**ജില്ലാ കളക്ടറുടെ ഫേസ്ബുക്ക് പേജ് ഇന്നലെയും വിദ്യാർഥികളുടെ അവധി അപേക്ഷകൾ കൊണ്ട് നിറഞ്ഞു**

**കൊച്ചി:** 'ഒന്നു പുറത്തിറങ്ങി നോക്ക് സാറേ, ഭയങ്കര മഴയാണ്. ഇന്നു കൂടി അവധി തരണം പ്ലീസ്....' എറണാകുളം ജില്ലാ കളക്ടറുടെ ഫേസ്ബുക്ക് പേജ് ഇന്നലെയും അവധി അപേക്ഷകൾകൊണ്ട് നിറഞ്ഞു. എല്ലാവർക്കും ആവശ്യം ഒന്നു മാത്രം. എങ്ങനെയങ്കിലും അവധി പ്രഖ്യാപിക്കണം. വിദ്യാർഥികൾ മാത്രമല്ല രക്ഷിതാക്കളും അധ്യാപകരും വരെ കളക്ടറോട് അവധി ചോദിച്ചെത്തിയിരുന്നു.

'മഴയുടെ ശക്തി കുറഞ്ഞു, ദുരിതാശ്വാസക്യാമ്പുകൾ തുറക്കേണ്ട സാഹചര്യമില്ലെന്ന് റിപ്പോർട്ട്' എന്ന പോസ്റ്റിനു താഴെയായിരുന്നു അവധി അപേക്ഷകളുടെ കുത്തൊഴുക്ക്. പോസ്റ്റിട്ട് അഞ്ചു മണിക്കൂറിനുള്ളിൽ ആയിത്തിലധികം കമന്റുകളാണ് ലഭിച്ചത്. രാത്രി എട്ടു വരെ നമ്മളെ അവധിയില്ലാന്ന് ധരിപ്പിച്ച് അവസാനം സിനിമാ സ്റ്റൈലിൽ എത്തി അവധി അങ്ങ് പ്രഖ്യാപിച്ച് കളയും എന്ന ശുഭാപ്തി വിശ്വാസവും ചിലർ പ്രകടിപ്പിച്ചു. വീട്ടിൽ കുട്ടികൾ ഭയങ്കര ബഹളമാണ്. സാറിനോട് പറഞ്ഞ് എങ്ങനെയെങ്കിലും ഒരു അവധി മേടിച്ച് തരാനാണ് പറയുന്നത്. ഒരു അവധി കൊടുക്കുമോ സാറേ എന്നായിരുന്നു കളക്ടർ മുഹമ്മദ് സഫിറുള്ളയോട് ഒരു രക്ഷകർത്താവിന്റെ അഭ്യർഥന.

ചിലർക്ക് പരീക്ഷയിൽ നിന്നും ഹോം വർക്കിൽനിന്നും രക്ഷപെടാനായിരുന്നു അവധി വേണ്ടത്. എന്റെ പൊന്നു സാറേ മഴയുടെ ശക്തി കുറഞ്ഞിട്ടില്ല, ഒന്നു പുറത്തേക്ക് ഇറങ്ങി നോക്കു സാറേ - ഒരാളുടെ മെസേജ് ഇങ്ങനെയായിരുന്നു. അവധി പ്രഖ്യാപിക്കുന്നുണ്ടെങ്കിൽ വേഗം വേണം. നാളെ പരീക്ഷയാണ്. ഇപ്പോൾ പഠിച്ചാലേ ജയിക്കൂവെന്ന കമന്റും പേജിൽ പ്രത്യക്ഷപ്പെട്ടു. എറണാകുളം ജില്ലയിൽ നല്ല മഴയാണ്. കുട്ടികൾ സ്കൂളിൽ പോകുന്നത് റിസ്ക് ആണ്. അതു കൊണ്ട് അവധി കൊടുക്കണെമെന്നായിരുന്നു ഒരു രക്ഷകർത്താവിന്റെ ഉപദേശം. സാറിലുള്ള വിശ്വാസം നഷ്ടമാകുന്നു... ഞങ്ങളെ കഷ്ടപ്പെടുത്തരുതെന്ന അപേക്ഷയും പോസ്റ്റിനു താഴെ ഉണ്ടായിരുന്നു.' മഴ നനഞ്ഞ് തോളിൽ ബാഗും തൂക്കി കുട്ടികൾ ബസിൽ കയറുന്നത് ഒന്ന് ആലോചിച്ച് നോക്കിയെ, സങ്കടംകൊണ്ടാണ് പറയുന്നത്. കളക്ടറെ സെന്റിയിൽ വീഴ്ത്തി അവധി മേടിക്കാനുള്ള ശ്രമവും കാണാമായിരുന്നു. കഴിഞ്ഞ ദിവസം സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചപ്പോഴും കളക്ടർക്ക് അഭിവാദ്യമർപ്പിച്ച് നിരവധി പേരാണ് എത്തിയത്.

ഇന്നലെ രാത്രി 10.50ഓടെ കളക്ടർ തന്റെ ഫേസ്ബുക്ക് പേജിൽ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചതായി പോസ്റ്റ് ഇട്ടു. തുടർന്നു നന്ദി അറിയിച്ച് നിരവധി കമന്റുകളും കളക്ടറുടെ പോസ്റ്റിനു താഴെ പ്രത്യക്ഷപ്പെട്ടു.